പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 248 **12-10-2026-ൽ മറുപടിയ്ക്ക്**

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) രോഗം വന്നു മരണപ്പെടുന്നവരിൽ എഴുപത് ശതമാനവും ജീവിതശൈലീ രോഗങ്ങൾ കാരണമാണെന്ന് വിവിധ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങൾ നേരത്തേ കണ്ടെത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ സബ് സെന്ററുകളിലും ഉൾപ്പെടെ ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ജീവിതശൈലീ രോഗ സ്ക്രീനിംഗ് നടത്തി വരുന്നു. സ്ക്രീനിംഗിന്റെ ഭാഗമായി പ്രമേഹം, രക്താതിമർദ്ദം, വിവിധ അർബുദങ്ങൾ, ഫാറ്റി ലിവർ രോഗം തുടങ്ങിയവയും പ്രീ-ഡയബറ്റീസ്, പ്രീ-ഹൈപ്പർടെൻഷൻ, പ്രീ-ക്യാൻസർ അവസ്ഥകളും നേരത്തേ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. രോഗം കണ്ടെത്തുന്നവർക്ക് ആവശ്യമായ ചികിത്സയും ജീവിതശൈലി മാറ്റം സംബന്ധിച്ച കൗൺസിലിംഗും ആരോഗ്യ ബോധവത്കരണവും നൽകിവരുന്നു.

സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജീവിതശൈലി രോഗബാധിതരായി വരുന്ന എല്ലാ രോഗികൾക്കും രോഗനിർണ്ണയം, ചികിത്സ, തുടർ ചികിത്സ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ജീവിതശൈലി രോഗങ്ങൾ മൂലമുണ്ടാകുന്ന സങ്കീർണ്ണതകളെപ്പറ്റിയും ബോധവത്കരണം നടത്തുന്നുണ്ട്. പ്രമേഹം, രക്താദിസമ്മർദ്ദം എന്നിവ കൊണ്ടുണ്ടാകുന്ന കണ്ണുകളെയും, നാഡികളെയും ബാധിക്കുന്ന സങ്കീർണ്ണതകൾ നേരത്തേ കണ്ടെത്താനും, തടയാനുമുള്ള പരിശോധനകൾ മെഡിക്കൽ കോളേജ് ആശുപത്രികൾ കേന്ദ്രീകരിച്ച് നടത്തി വരുന്നു. പ്രമേഹം, രക്താദിസമ്മർദ്ദം എന്നിവ കാരണമുണ്ടാകുന്ന വൃക്കരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനുള്ള രക്തപരിശോധനയും ഹെൽത്ത് ചെക്കപ്പുകളും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ നടത്തി വരുന്നു. മെഡിക്കൽ കോളേജുകളിൽ മറ്റു രോഗങ്ങളുമായി എത്തുന്നവരിലും ജീവിത ശൈലീ രോഗങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് ചികിത്സ നൽകുകയും, തുടർ ചികിത്സ രോഗിയുടെ വീടിനടുത്തുള്ള ആരോഗ്യ കേന്ദ്രം വഴി ഉറപ്പുവരുത്തുന്നതിനായി ബാക്ക് റഫറൻസും ചെയ്യുന്നുണ്ട്.

(ബി) ജീവിതശൈലീ രോഗങ്ങൾക്ക് ഹേതുവാകുന്ന മായംകലർന്ന എണ്ണയും വിഷലിപ്തമായ ചേരുവകളും ചേർത്തുണ്ടാക്കുന്ന ലഘുഭക്ഷണങ്ങളുടെ വ്യാപകമായ ഉപഭോഗം നിയന്ത്രിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

മറുപടി: ജീവിത ശൈലീ രോഗങ്ങൾ തടയുന്നതിനും, ആരോഗ്യകരമായ ഭക്ഷണശീലം പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ ബോധവൽക്കരണ പരിപാടികൾ ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കി വരുന്നു. FSSAI (Food Safety and Standards Authority) യുടെ Less Salt, Less Sugar, Less Fat Campaign, Aaj Se thoda kam Campaign ഭാഗമായി ഭക്ഷണത്തിലെ എണ്ണ, ഉപ്പ്, പഞ്ചസാര എന്നിവയുടെ ഉപയോഗം കുറയ്ക്കുന്നതിനും സമീകൃതവും പോഷക സമൃദ്ധവുമായ ഭക്ഷണരീതി പിന്തുടരുന്നതിനുമായി വിവിധ പ്രചാരണ പ്രവർത്തനങ്ങൾ വകുപ്പ് സംഘടിച്ച് വരുന്നു. Healthy Plate Campaign, Nellikka എന്നീ പരിപാടികളുടെ ഭാഗമായി എണ്ണ കടികൾക്ക് പകരം ആവിയിൽ വേവിച്ച പലഹാരങ്ങൾ, പയറു വർഗ്ഗങ്ങൾ മുതലായവ ഉൾപ്പെട്ട ആരോഗ്യകരമായ ലഘുഭക്ഷണത്തിന് പ്രധാന്യം നല്കി ഇത് സംബന്ധിച്ച ലഘുലേഖകൾ, പോസ്റ്ററുകൾ social media സന്ദേശങ്ങൾ എന്നിവയും പ്രചരിപ്പിക്കുന്നു.

FSSAI യുടെ Stop Obesity Campaign ന്റെ ഭാഗമായി Walkathon, Cyclathon എന്നീ പരിപാടികൾ സംഘടിപ്പിച്ചു. വകുപ്പിന്റെ വിവിധ പരിപാടികളിൽ millet മേളകൾ ഉൾപ്പെടുത്തി millet -കളെ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുകയും അതിന്റെ ഗുണങ്ങളും അതുപയോഗിച്ച് ഉണ്ടാക്കാവുന്ന രുചികരമായ പലഹാരങ്ങൾ എന്നിവയുടെ പ്രദർശനവും നടത്തി. School വിദ്യാർത്ഥികളിൽ ആരോഗ്യകരമായ ഭക്ഷണശീലം വളർത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് Safe Nutritious Food at School, Eat Right School എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്കൂൾ കാന്റീനുകളിലും അനാരോഗ്യകരമായ പലഹാരങ്ങളുടെ ഉപയോഗം ഒഴിവാക്കി ആരോഗ്യകരമായ ഭക്ഷണശീലം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് മുഖേന നടത്തി വരുന്നുണ്ട്.

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണശീലം പ്രോത്സാഹിപ്പിക്കുന്നതിനും അനാരോഗ്യകരമായ ഭക്ഷണങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനുമായി ആരോഗ്യവകുപ്പ് വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സർക്കാർ ആശുപത്രികൾ മുതൽ സബ് സെന്ററുകൾ വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളിലൂടെ Healthy Diet, Eat Safe, Fortified Food, Healthy Food Pyramid തുടങ്ങിയ വിഷയങ്ങളിൽ പൊതുജനങ്ങൾക്ക് ബോധവത്കരണം നൽകിവരുന്നു. കൂടാതെ, ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ഏകോപന യോഗങ്ങൾ നടത്തുകയും സംയുക്തമായി ഹോട്ടൽ / ഭക്ഷണശാല പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളിൽ നടത്തുന്ന പരിശീലനങ്ങൾ, യോഗങ്ങൾ, ആശുപത്രി കാന്റീനുകൾ തുടങ്ങിയ ഇടങ്ങളിൽ എണ്ണയിൽ വറുത്ത പലഹാരങ്ങളുടെ ഉപയോഗം പരമാവധി ഒഴിവാക്കി ആവിയിൽ പുഴുങ്ങിയതും ആരോഗ്യകരവുമായ ഭക്ഷണങ്ങൾ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സബ് സെന്ററുകൾ മുഖേനയും ആരോഗ്യകരമായ ഭക്ഷണശീലങ്ങളെക്കുറിച്ച് ബോധവത്കരണം നൽകിവരുന്നു.

സെക്ഷൻ ഓഫീസർ